**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ തിരുവാലി ഗ്രാമപഞ്ചായത്തിന്റെ 1999-2000 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 15 പ്രകാരം തടസ്സപ്പെടുത്തിയ 12,000/- രൂപയുടെ (പന്ത്രണ്ടായിരം രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്

സ.ഉ(സാധാ)നം.1266/2017/തസ്വഭവ          തിരുവനന്തപുരം,തീയതി 21/04/2017

പരാമർശം : 1. തിരുവാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15/12/2014 തീയതിയിലെ എ 2-4326/14(3)

2. പഞ്ചായത്ത് ഡയറക്ടറുടെ 11/11/2015, 30/09/2016 എന്നീ തീയതികളിലെ എം3- 36214/15 നമ്പർ കത്ത്

3. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 18/03/2016 തീയതിയിലെ കെ എസ് എ 14125/പി റ്റി 3/2015 നമ്പർ കത്ത്

## ഉത്തരവ്

മലപ്പുറം ജില്ലയിലെ തിരുവാലി ഗ്രാമപഞ്ചായത്തിൽ 1999-2000 കാലയളവിൽ ഒഴിവുള്ള എൽ ഡി ക്ലർക്ക് തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികമായി ആളെ നിയമിക്കുന്നതിന് പകരം ദിവസക്കൂലിക്ക് ഒരാളെ മാസങ്ങളോളം നിയമിച്ചത് ക്രമപ്രകാരമല്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 12,000 രൂപാ (പന്ത്രണ്ടായിരം രൂപാ മാത്രം) ഓഡിററിൽ തടസ്സപ്പെടുത്തിയിരുന്നു.

2) എംപ്ലോയമെന്റ് എക്സ്ചേഞ്ച് മുഖേന ആളെ നിയമിച്ചാൽ ആറ് മാസത്തേക്ക് മാത്രമേ നിയമിക്കാനാകൂ എന്നും വീണ്ടും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആളെ നിയമിക്കേണ്ടി വരുമ്പോൾ കാലതാമസം ഉണ്ടാകുകയും ജോലിയുടെ തുടർച്ച നഷ്ടമാകുകയും പുതുതായി നിയമിതനാകുന്ന ആളിന് ജോലി പഠിച്ചെടുക്കുന്നതിന് സമയം വേണ്ടി വരുമെന്നതിനാൽ ഫലപ്രദമായ രീതിയിൽ ദൈനംദിന ജോലികൾ നടത്തുവാൻ സാധിക്കാതെ വരുമെന്നും ആറു മാസത്തിനു ശേഷം ഒരാളെ മാറ്റി പകരം മറ്റൊരാളെ നിയമിച്ചാൽ ജോലി പഠിച്ചെടുക്കുവാൻ ടിയാൾ എടുക്കുന്ന കാലതാമസം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നതിനാലുമാണ് ഇത്തരത്തിൽ നിയമനം നടത്തിയതെന്നും ആയതിനാൽ പരാമർശിത ഇനത്തിൽ ചെലവഴിച്ച 12,000/- രൂപയ്ക്ക് സാധൂകരണം നൽകണമെന്ന് സൂചന ഒന്ന് കത്ത് പ്രകാരം തിരുവാലി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചുന്നു. 1999 മാർച്ച്, മെയ്, ജൂൺ, ജൂലൈ, സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ, 2000 ജനുവരി, ഫെബ്രുവരി എന്നീ 10 മാസങ്ങളിൽ എൽ ഡി ക്ലർക്ക് തസ്തികയിൽ താത്കാലികാടിസ്ഥാനത്തിൽ 2 വ്യക്തികളെ നിയമിച്ചതിനാണ് 12,000/- രൂപ നൽകിയതെന്നും പരാമർശിത ചെലവിന് സാധൂകരണം നൽകാവുന്നതാണെന്നും പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ , പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശുപാർശ എന്നിവ പരിഗണിച്ച് ഇക്കാര്യത്തിൽ

സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് പരാമർശം മൂന്ന് കത്ത് പ്രകാരം കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിട്ടിട്ടുണ്ട്.

3) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശിത വിഷയത്തിലെ പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ , പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശുപാർശ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം എന്നിവ കണക്കിലെടുത്ത് മലപ്പുറം ജില്ലയിലെ തിരുവാലി ഗ്രാമപഞ്ചായത്തിന്റെ 1999-2000 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 15 പ്രകാരം തടസ്സപ്പെടുത്തിയ 12,000/- രൂപയുടെ (പന്ത്രണ്ടായിരം രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഷിബു എ ടി
അണ്ടർ സെക്രട്ടറി

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, തിരുവാലി ഗ്രാമപഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര -പൊതു ജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ